(ഇ) സി.ആർ.പി.സി. സെക്ഷൻ 151 പ്രകാരം കുറ്റ നമ്പർ 74/2000/ 73/2000 കേസുകളിലെ 14 പ്രതികളെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ പൂർത്തിയാക്കി വിട്ടയച്ചിട്ടുള്ളതാണ്.

70 (88) സംഘട്ടനങ്ങൾ

ശ്രീ.ജി.കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്; ഇവയിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ എത്ര; വർഗ്ഗീയ സംഘട്ടനങ്ങൾ എത്ര;

(ബി) ഇതുവരെ എത്ര കൊലപാതകങ്ങൾ നടന്നു; ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ നടന്ന സംഘട്ടനങ്ങൾ, രാഷ്ട്രീയ സംഘട്ടനങ്ങൾ, വർഗ്ഗീയ സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)	ആകെ സംഘട്ടനങ്ങൾ	-	27073
	രാഷ്ട്രീയ സംഘട്ടനങ്ങൾ	-	4973
	വർഗ്ഗീയ സംഘട്ടനങ്ങൾ	-	21
(ബി)	ആകെ കൊലപാതകങ്ങൾ	-	2058
	രാഷ്ട്രീയ കൊലപാതകങ്ങൾ	-	63

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

71 (89) നിരോധനാജ്ഞ ലംഘിച്ചവർ

ശ്രീ.ആര്യാടൻ മുഹമ്മദ് :
ശ്രീ.പി.പി.തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 സെപ്തംബർ 26-ാം തീയതി തൃക്കരിപ്പൂരിനു സമീപം എടച്ചാക്കൈയിൽ നിരോധനാജ്ഞ നിലവിലുണ്ടായിരുന്നുവോ;

(ബി) അന്ന് ഉച്ചയ്ക്ക് എടച്ചാക്കൈ ജംഗ്ഷനിൽ സി.പി.ഐ.(എം) പ്രവർത്തകർ കൂട്ടുകൂടി നിന്ന് നിരോധനാജ്ഞ ലംഘിച്ചുവോ;

(സി) ഇവർ പോലീസിനെ വളഞ്ഞുവച്ച് ഭീഷണിപ്പെടുത്തുകയുണ്ടായോ;

(ഡി) ജനക്കൂട്ടത്തെ അഭിസംബോധന ചെയ്ത് ആരെങ്കിലും പ്രസംഗിച്ചുവോ; എങ്കിൽ ആരെന്ന് വെളിപ്പെടുത്തുമോ;

---

* അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. ജി. സോമശേഖരൻ, സർക്കിൾ ഇൻസ്പെക്ടർ, കൺട്രോൾ റൂം,തിരുവനന്തപുരം.
13. ശ്രീ. പി. വാസുദേവൻ നായർ , സർക്കിൾ ഇൻസ്പെക്ടർ, മ്യൂസിയം.
14. ശ്രീമതി ബി. സന്ധ്യ ഐ.പി.എസ്. എ.ഐ.ജി. പോലീസ് ഹെഡ്ക്വാർട്ടേഴ്സ്(കൊല്ലം എസ്.പി. ആയിരുന്നപ്പോൾ)
15. ശ്രീ. സിറിൽ സി. വെല്ലൂർ. എ.സി, കെ.എ.പി. 1 ബറ്റാലിയൻ, തൃശൂർ.
16. ശ്രീ. എൻ. അബുബേക്കർ, എ.സി, ഡി.സി. ആർ.ബി, കോഴിക്കോട് സിറ്റി.
17. ശ്രീ. ആന്റണി റെയ്നോൾഡ്, പി.ആർ.ഒ. എസ്.ബി.സി.ഐ. ഡി.
18. ശ്രീ. ഡി. മധു. സി.ഐ, പി.റ്റി. സി.

അനുബന്ധം XX

18.12.2000 -ലെ നക്ഷത്രചിഹ്നമിടാത്ത 70(88)-ാംനമ്പർ ചോദ്യം
ദയവായി കാണുക

ജില്ല	സംഘട്ടനങ്ങൾ (20.5.96 മുതൽ 8.12.2000 വരെ)	രാഷ്ട്രീയ സംഘട്ടനങ്ങൾ (20.5.96 മുതൽ 30.11.00 വരെ)	വർഗ്ഗീയ സംഘട്ടനങ്ങൾ 20.5. 96 മുതൽ 30.11.00 വരെ)	കൊലപാതകം (20.5.96 മുതൽ 8.12.2000 വരെ)	രാഷ്ട്രീയ കൊലപാതകം(20.5.96 മുതൽ 10.12.00 വരെ)
തിരുവനന്തപുരം	3577	244	-	238	3
കൊല്ലം	1442	152	-	218	3
പത്തനംതിട്ട	737	87	-	116	3
ആലപ്പുഴ	3349	318	-	94	2
കോട്ടയം	796	175	-	131	3
ഇടുക്കി	832	192	-	168	-
എറണാകുളം	1312	51	1	177	-
തൃശൂർ	1987	394	-	175	6
പാലക്കാട്	2543	372	2	177	2
മലപ്പുറം	1080	292	3	149	1
കോഴിക്കോട്	2808	677	2	102	5
വയനാട്	32	60	-	81	-
കണ്ണൂർ	4159	1162	3	148	27
കാസർകോട്	2419	797	10	84	8
ആകെ	27073	4973	21	2058	63

LIBRARY ARCHIVES Kerala Legislative Assembly